പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1247 — 13/12/2012 ൽ മറുപടിയ്ക്ക്

## വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ് എന്നറിയിക്കുമോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം കേന്ദ്രാവിഷ്കൃത പദ്ധതികളായ Strengthening of Revenue Administration & Updation of Land Records (SRA & ULR) , Computerisation of Land Records (CLR) , National Land Records Modernisation Programme (NLRMP 100% CSS & 50% CSS) എന്നീ പദ്ധതികൾ മുഖേന1988- 89 മുതൽ നടപ്പിലാക്കി വരുന്നു. |
| (ബി) വില്ലേജ് ആഫീസുകളുടെ കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തു തുക ചെലവഴിച്ചു എന്നറിയിക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) ഏതൊക്കെ ഏജൻസികൾക്കാണ് തുക നൽകിയത്; ഇനംതിരിച്ച് വ്യക്തമാക്കുമോ; | (സി) | |

| | | | |
|---|---|---|---|
| (ഡി) | എത്ര വില്ലേജ് ആഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി; | (ഡി) | 783 വില്ലേജ് ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായി. |
| (ഇ) | സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനം എപ്പോൾ പൂർത്തികരിക്കുവാൻ കഴിയും എന്നറിയിക്കുമോ? | (ഇ) | നിലവിൽ കമ്പ്യൂട്ടർവൽക്കരണം കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. വഴി ReLIS (റവന്യൂ ലാന്റ് ഇൻഫർമേഷൻ മിഷൻ പ്രകാരം വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണവും കേന്ദ്ര സർക്കാരിന്റെ NeGP (നാഷണൽ ഇ-ഗവേർണൻസ് പ്ലാൻ) പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം വില്ലേജുകളിൽ നിന്നും നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ വിതരണവുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ രണ്ട് പദ്ധതികളും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ